(ബി) സമാഹരണ ലക്ഷ്യം എത്രയായിരുന്നു;

(സി) 1986–മേയ് 2 മുതൽ മുപ്പത്തി ഒന്നുവരെ നടന്ന നിക്ഷേപ സമാഹരണത്തിൽ ഒരു വർഷത്തിൽ കുറയാത്ത ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ എത്ര രൂപ സമാഹരിച്ചുവെന്ന് പറയാമോ;

(ഡി) അതിന്റെ ജില്ല തിരിച്ചുള്ള കണക്കും, ഏറ്റവും കൂടുതൽ തുക സമാഹരണം നടത്തിയ ജില്ല ഏതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകദേശം 136.58 കോടി രൂപ. അവസാന കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) 60 കോടി രൂപ.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

സഹകരണ നിയമം

174 [189] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം കാലാനുസരണമായ മാറ്റങ്ങൾ വരുത്തി പുതുക്കി നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) 1969–ലെ കേരള സഹകരണ നിയമത്തിൽ കാലോചിതമായി മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി സഹകരണ വകുപ്പു സെക്രട്ടറി ചെയർമാനും കൺവീനറുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പല പ്രാവശ്യം കൂടുകയും ചർച്ച ചെയ്ത് നിയമങ്ങളിൽ കൈക്കൊള്ളേണ്ട ഭേദഗതികളെപ്പറ്റി നിർദ്ദേശങ്ങൾ വയ്ക്കുകയുംചെയ്തിട്ടുണ്ട്. കമ്മിറ്റി അന്തിമരൂപം നൽകിയ നിർദ്ദേശങ്ങൾ ഇപ്പോൾ നിയമവകുപ്പിന്റെ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്.

സഹകരണസംഘങ്ങൾ

175 [190] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24–5–1982 മുതൽ 24–5–1986 വരെയുള്ള നാല് വർഷക്കാലം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണസംഘങ്ങൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly